4026
12/10/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - വയനാട് ജില്ല കാലവർഷക്കെടുതി മൂലം നാശനഷ്ടം സംഭവിച്ച കുടുബങ്ങൾക്ക് ആശ്വാസ ധനസഹായം - (അപ്പീൽ കേസുകളിൽ) - വിതരണം ചെയ്യുന്നതിലേക്കായി അധിക തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ. (സാധാ) നം. 4242/2018/റവ. തിരുവനന്തപുരം, തീയതി, 10.10.2018.

പരാമർശം:-
1. സ.ഉ. (കൈ) നം. 13/2018/ദുനിവ., തീയതി, 16.08.2018.
2. വയനാട് ജില്ലാ കളക്ടറുടെ 29.9.2018 -ലെ DCWYD 7877/18/H2 നമ്പർ കത്ത്.
3. സ. ഉ. (സാധാ )നം. 4019/2018/റവ., തീയതി, 01.10.2018.
4. വയനാട് ജില്ലാ കളക്ടറുടെ 10.10.2018 -ലെ DCWYD 7877/18/H2 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 10,000/- രൂപ സർക്കാർ പ്രഖ്യാപിക്കുകയും അതിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകുന്നതിനായി ഉത്തരവാകുകയും ചെയ്തിരുന്നു.

2. പരാമർശം (2) പ്രകാരം വയനാട് ജില്ലയിലെ പ്രളയ ദുരിത ബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ലഭിച്ച അപ്പീൽ കേസുകളിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 555 കുടുംബങ്ങൾക്ക് 6,200/- രൂപ നിരക്കിൽ 34,41,000/- രൂപ അനുവദിക്കണമെന്ന് അപേക്ഷിച്ചതിനെ തുടർന്ന് സൂചന (3) പ്രകാരം വയനാട് ജില്ലയിലെ പ്രളയ ദുരിത ബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപ്പീൽ കേസുകളിൽ അർഹതപ്പെട്ട 555 കുടുംബങ്ങൾക്ക് 6,200/- രൂപ നിരക്കിൽ 34,41,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ഇതിനു പുറമെ സൂചന (4) പ്രകാരം വയനാട് ജില്ലയിലെ പ്രളയ ദുരിത ബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപ്പീൽ കേസുകളിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 217 കുടുംബങ്ങൾക്ക് 6,200/- രൂപ നിരക്കിൽ 13,45,400/- രൂപ അനുവദിക്കണമെന്ന് വയനാട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുന്നു. കളക്ടറുടെ അപേക്ഷ സർക്കാർ അംഗീകരിക്കുകയും വയനാട് ജില്ലയിലെ പ്രളയ ദുരിതബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപ്പീൽ കേസുകളിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 217 കുടുംബങ്ങൾക്ക് 6,200/- രൂപ നിരക്കിൽ 13,45,400/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായിവരുന്ന **13,45,400/- രൂപ (പതിമൂന്ന് ലക്ഷത്തി നാല്പത്തി അഞ്ചായിരത്തി നാനൂറ് രൂപ മാത്രം)** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തുക ബന്ധപ്പെട്ട വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത. എൽ,
സ്പെഷ്യൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ല കളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒബ്സർവേറ്ററി ഹിൽസ്
വികാസ് ഭവൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.